**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **07-02-2023 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് ൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അധ്യാപക യോഗ്യത പരീക്ഷയായ കെ-ടെറ്റ് (Kerala Teacher Eligibility Test) എന്നുമുതലാണ് നിർബന്ധമാക്കിയതെന്ന് വെളിപ്പെടുത്തുമോ; | (എ) | 20.07.2011 ന് ശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും, എയ്ഡഡ് സ്കൂളിൽ 01.06.2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരായിട്ടുള്ള അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. |
| (ബി) | പ്രസ്തുത ദിവസം മുതൽ സർക്കാർ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 20.07.2011 ന് ശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും, എയ്ഡഡ് സ്കൂളിൽ 01.06.2012 മുതൽ റഗുലർ ഒഴിവിൽ നിയമിതരായിട്ടുള്ള അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. |
| (സി) | സർക്കാർ അധ്യാപകരായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയ കാലാവധിയിൽ പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് യാതൊരു ഇളവും നാളിതുവരെ നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത ഇളവ് ഇതേ സമയത്ത് നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | ഒരേ യോഗ്യത ആവശ്യമുള്ള തസ്തികയിൽ സർക്കാർ അധ്യാപകർക്ക് കെ-ടെറ്റ് ൽ 2012 മുതൽ 2016 വരെ ഇളവ് അനുവദിക്കുകയും അതേ സമയത്ത് നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ഇളവ് നൽകാതിരിക്കുകയും ചെയ്യുന്നത് സാമൂഹ്യനീതിയുടെ ലംഘനമായതിനാൽ സർക്കാർ അധ്യാപകർക്ക് കെ-ടെറ്റ് ൽ നിശ്ചിത കാലയളവിലേക്ക് നൽകിയ ഇളവ് അതേ കാലയളവിൽ നിയമിക്കപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | 30.08.2016 ലെ സ.ഉ.(പി)നം.145/2016/പൊ.വി.വ പ്രകാരം, പ്രസ്തുത തീയതി മുതലുള്ള പി.എസ്.സി വിജ്ഞാപനങ്ങളിൽ കെ-ടെറ്റ് നിർബന്ധ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് കെ-ടെറ്റ് പാസായവർക്ക് മാത്രമേ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. എൻ.സി.റ്റി.ഇ. വിജ്ഞാപന തീയതിയായ 20.07.2011 ന ശേഷം പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സേവനത്തിൽ പ്രവേശിച്ച സർക്കാർ സ്കൂൾ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. ഇക്കാര്യം |

| | | | |
|---|---|---|---|
| | | | 30.06.2020 ലെ ജെ3/37/2020/പൊ.വി.വ സർക്കാർ കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. 2012 മുതൽ 2016 വരെയുള്ള സർക്കാർ സ്കൂൾ നിയമനങ്ങളിൽ കെ-ടെറ്റ് യോഗ്യത ഒഴിവാക്കുകയോ, യോഗ്യത നേടുന്നതിൽ ഇളവോ അനുവദിച്ചിട്ടില്ല. 2012-2013 മുതൽ 2019-2020 അക്കാദമിക വർഷം വരെ നിയമിക്കപ്പെട്ടവർക്കു 2021 അക്കാദമിക വർഷാവസാനം വരെ കെ-ടെറ്റ് നേടുന്നതിൽ ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

നമ്പർ.ജെ3/37/2020/പൊ.വി.വ 30/06/2020,തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- പൊ.വി.വ - കെ ടെറ്റ് യോഗ്യത - സംബ

സൂചന:- താങ്കളുടെ 18.06.19 ലെ എച്ച്3/30197/ഡി.ജി.ഇ നമ്പർ കത്ത്

NCTE 20/07/11-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന് മുൻപായി സർക്കാർ സർവ്വീസിൽ പി എസ് സി വിജ്ഞാപന പ്രകാരം പ്രവേശിച്ച അധ്യാപകർക്ക് കെ-ടെറ്റ് യോഗ്യതയില്ലാത്തതിന്റെ പേരിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നില്ല എന്ന പരാതികൾ ലഭിക്കുകയും, സൂചന കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു നിലപാട് വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിച്ചു വരുന്നതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപെടുകയുണ്ടായി.

പരാതിയിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ പരിശോധിച്ചു. സൂചന കത്തിലെ നിർദേശം എൻ സി ടി ഇ യുടെ 20.07.11 ലെ വിജ്ഞാപനത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. 20.7.2011 ന് മുൻപ് പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്ക് കെ ടെറ്റ് യോഗ്യത നിഷ്കർഷിക്കേണ്ടതില്ല. അന്നേ തീയതിക്ക് ശേഷം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം സർവ്വീസിൽ പ്രവേശിച്ചവർക്ക് മാത്രമാണ് കെ ടെറ്റ് യോഗ്യത നിഷ്കർഷിക്കേണ്ടത് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.